1985-86-ൽ തൊഴിലില്ലായ്മ വേതനത്തിനു ലഭിച്ച അപേക്ഷകൾ.

274 [301] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1985-86 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി;

(ബി) തൊഴിലില്ലായ്മ വേതനത്തിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1,79,146 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി.

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ 48715 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ വേതനപദ്ധതിയ്ക്കു ഇതുവരെ ലഭിച്ച അപേക്ഷകൾ

275 [302] ശ്രീ.കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനപദ്ധതി ആരംഭിച്ചതുമുതൽ 1986 മാർച്ച് 31 വരെ ഓരോ വർഷവും തൊഴിലില്ലായ്മവേതനം ലഭിക്കുന്നതിനുവേണ്ടി കിട്ടിയ അപേക്ഷകളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ ജില്ലയിലും എത്രപേർക്ക് തൊഴിലില്ലായ്മവേതനം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഓരോ വർഷവും കിട്ടിയ അപേക്ഷയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു. ‡

(ബി) ഓരോ ജില്ലയിലും തൊഴിലില്ലായ്മവേതനം നൽകിയവരുടെ വിവരം അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്നു. *

കർഷക തൊഴിലാളി പെൻഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

276 [303] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ 1986 മേയ് 30 വരെ കർഷക തൊഴിലാളി പെൻഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ജില്ലാടിസ്ഥാനത്തിൽ അപേക്ഷകളുടെ എണ്ണവും പെൻഷൻ അനുവദിച്ചവരുടേയും പെൻഷൻ കൊടുത്തവരുടെയും എണ്ണവും വെവ്വേറെ വ്യക്തമാക്കാമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly